കൂടി നടപ്പാക്കുന്ന കേരളാ ഫോറസ്ട്രി പ്രോജക്ടിലെ 'എക്കോ ഡെവലപ്മെന്റ് പ്രോഗ്രാം' പ്രകാരം കണ്ണവം, കരുളായ്, വാഴച്ചാൽ, അടിമാലി, കുളത്തൂപ്പുഴ എന്നീ റെയിഞ്ചുകൾ ടി പ്രോഗ്രാമിൽ ഉൾപ്പെടുത്തിയതിനാൽ എസ്.സി./എസ്.ടി. ഫെഡറേഷന്റെ നിയന്ത്രണത്തിലുള്ള ആദിവാസി സഹകരണ സംഘങ്ങൾക്ക് അലോട്ടു ചെയ്യുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞ തീരുമാനം പുനഃപരിശോധിച്ച് എല്ലാ റെയിഞ്ചുകളും ആദിവാസി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

'മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ'

86 (421) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പാലോട് രവി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചാൽ എത്ര ഏക്കർ വനവും വനഭൂമിയും നഷ്ടമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) അണക്കെട്ടു നിർമ്മിക്കുമ്പോൾ വെള്ളത്തിനടിയിലാകുന്ന വനത്തിനു പകരം വനം വച്ചുപിടിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെടാറുണ്ടോ;

(സി) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചാൽ വെള്ളത്തിനടിയിലാവുന്ന വനത്തിനുപകരം വനം വച്ചുപിടിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) തമിഴ്നാടിനു കൂടുതൽ വെള്ളം കിട്ടുവാൻ കേരളത്തിന്റെ വനഭൂമി വെള്ളത്തിനടിയിലാകുന്ന സാഹചര്യം എപ്രകാരം ഒഴിവാക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഡാമിന്റെ ഉയരം കൂടുമ്പോൾ എത്ര വനവാസികളെ മാറ്റിപാർപ്പിക്കേണ്ടിവരും; ഇവരെ എവിടേയ്ക്കാണ് മാറ്റുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതുമൂലം പരിസ്ഥിതിയെ സംബന്ധിച്ച് എന്തെല്ലാം പ്രശ്നം ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ഇപ്പോഴത്തെ ജലവിതാന നിരപ്പായ 136 അടിയിൽനിന്നും 152 അടിയായി ഉയർത്തിയാൽ പെരിയാർ വന്യജീവി സങ്കേതത്തിലെ 11.219 ച.കി.മീ. വനഭൂമി വെള്ളത്തിനടിയിലായി

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടമാകുമെന്ന് കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടും കേരള വനംവകുപ്പും ചേർന്ന് നടത്തിയിട്ടുള്ള പഠന റിപ്പോർട്ട് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

(ബി) വനഭൂമി വനേതര ആവശ്യത്തിനായി ഉപയോഗിക്കേണ്ടതിലേക്കായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യാ ഗവൺമെന്റിന് അപേക്ഷ സമർപ്പിക്കുമ്പോൾ 'കോംപൻസേറ്ററി അഫോറസ്റ്റേഷൻ' പ്രകാരം വനയിതര ഭൂമിയിൽ വനവൽക്കരണം നടത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യാറുണ്ട്.

(സി)&(ഡി) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(ഇ) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുമ്പോൾ പ്രസ്തുത മേഖലയിൽ 7 കോളനികളിലായി 984 കുടുംബങ്ങളിൽ താമസിക്കുന്ന 3500 ഓളം വരുന്ന ആദിവാസികളെ മാറ്റി പാർപ്പിക്കേണ്ടിവരും. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും സമർപ്പിക്കപ്പെട്ടിട്ടില്ല.

(എഫ്) ഈ ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചാൽ പരിസ്ഥിതിക്ക് കോട്ടം തട്ടും. മുങ്ങിപ്പോകാൻ ഇടയുള്ള പ്രദേശം പെരിയാർ വന്യജീവി സങ്കേതത്തിലെ വന്യജീവികളുടെ പ്രധാന മേച്ചിൽസ്ഥലമാണ്. അത്യപൂർവ്വവും വംശനാശം നേരിടുന്നതുമായ ചില സസ്യങ്ങൾക്കും ആവാസ വ്യവസ്ഥ നഷ്ടമാകും. ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതുമൂലം മൃഗങ്ങൾ മാറിപ്പോകാൻ ഇടയുണ്ട്. അതുപോലെതന്നെ ചെറുമൃഗങ്ങൾ, മറ്റു ജീവജാലങ്ങൾ തുടങ്ങിയവയുടെ നിലനിൽപ്പിനും ജലനിരപ്പ് ഉയർന്നാൽ ഭീഷണിയാകും. കൂടാതെ ആദിവാസികളുടെ സെറ്റിൽമെന്റുകളും വെള്ളത്തിനടിയിൽ ആയിപ്പോകുന്നതാണ്.

തടി ഡിപ്പോകളിൽ കൃത്രിമം കാണിക്കുന്നതായി പരാതി

87 (422) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ ഡിപ്പോകളിൽ തടി അട്ടിവയ്ക്കുന്നതിൽ കാണിക്കുന്ന കൃത്രിമംമൂലം സർക്കാരിന് കോടിക്കണക്കിനു രൂപയുടെ നഷ്ടം ഉണ്ടാകുന്നു എന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലേലം ചെയ്യാൻ ഡിപ്പോകളിൽ തടി അട്ടിവയ്ക്കുന്നത് ഇനവും ക്ലാസ്സും തിരിച്ചാവണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ കൊല്ലം സർക്കിളിലെ തടി ഡിപ്പോകളിൽ ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ലെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) അതുമൂലമുണ്ടായ നഷ്ടം സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര നഷ്ടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്;

(എഫ്) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly